# ഖുർആൻ പാരായണ മര്യാദകൾ

ലേഖനം ● അബ്ദുൽ ജബ്ബാർ കൂരാരി

**ഖുർആൻ** പാരായണത്തിന്റെ മാഹാത്മ്യത്തെപ്പറ്റി നബി(സ) പറയുന്നു: "തീർച്ചയായും ഈ ഖുർആൻ ഭൂമിയിൽ അല്ലാഹുവിന്റെ വിരുന്നാകുന്നു. അവന്റെ വിരുന്നിൽനിന്ന് പരമാവധി സ്വീകരിക്കുക. ഈ ഖുർആൻ അല്ലാഹുവിന്റെ ബലവത്തായ പാശവും തെളിഞ്ഞ പ്രകാശവും പ്രയോജനപ്രദമായ ഔഷധവുമാകുന്നു... നിങ്ങൾ അത് പാരായണം ചെയ്യുക. അത് പാരായണം ചെയ്യുന്നതിന് നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. ഓരോ അക്ഷരത്തിനും പത്ത് സദ്ഫലങ്ങൾ വീതം ലഭിക്കും. അലിഫ് ലാം മീം എന്ന് ഓതിയാൽ അത് ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് ഒരക്ഷരവും ലാം മറ്റൊരക്ഷരവും മീം വേറൊരക്ഷരവുമാണ്" (ഹാകിം).

ഖുർആൻ ഓതുമ്പോൾ പാലിക്കേണ്ട മര്യാദകളിൽ ചിലത്:

◆ ഖുർആൻ സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്റെ വചനമാണെന്നും ഈ പാരായണത്തിലൂടെ തന്റെ ജീവിതത്തിന് വെളിച്ചം കിട്ടുമെന്നും ബോധമുണ്ടായിരിക്കണം. ഭക്തിയും വിനയവും ഉണ്ടായിരിക്കണം. ജനങ്ങളിൽ ഓത്തുകാരനാണെന്ന പ്രശസ്തി നേടാനായിരിക്കരുത് പാരായണം.

◆ ആർത്തവമുള്ളവരും വലിയ അശുദ്ധിയുള്ളവരും ഖുർആൻ പാരായണം ചെയ്യാൻ പാടില്ല. അശുദ്ധിയുണ്ടായിരിക്കെ പാരായണം ചെയ്യുന്നതും തൊടുന്നതും ഖുർആന്റെ പവിത്രതക്കും മഹത്വത്തിനും ചേർന്നതല്ല.

◆ പാരായണം തുടങ്ങുമ്പോൾ, 'പിശാചിൽനിന്ന് ഞാൻ അല്ലാഹുവിങ്കൽ ശരണം തേടുന്നു' (അഊദുബില്ലാഹി മിനശ്ശൈത്വാനിർറജീം) എന്ന് പറയണം. പിന്നെ അല്ലാഹുവിന്റെ നാമത്തിൽ തുടങ്ങാം (ബിസ്മില്ലാഹിർറഹ്മാനിർ റഹീം).

◆ ഖുർആന്റെ അർഥമോർത്ത് ചിന്തിച്ചു കൊണ്ടായിരിക്കണം പാരായണം നടത്തേണ്ടത്. തിരക്കിട്ട് ഓതരുത്. സാവകാശം ഓരോരോ പദങ്ങൾ ഉച്ചരിക്കുക; ഓരോ സൂക്തവും നിർത്തി നിർത്തി ഓതുക. എന്നാലേ ഖുർആന്റെ ആശയങ്ങളും താൽപര്യങ്ങളും നല്ലപോലെ ഗ്രഹിക്കാനാവൂ.

നബി(സ)യുടെ പാരായണത്തെക്കുറിച്ച് അനസി(റ)നോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "നബി(സ) പദങ്ങൾ നിർത്തി നിർത്തിയാണ് ഓതിയിരുന്നത്. ഉദാഹരണമായി, അദ്ദേഹം ബിസ്മില്ലാഹിർറഹ്മാനിർറഹീം ഓതിയിട്ട് വിശദീകരിച്ചു: നബി അല്ലാഹ്, റഹ്മാൻ, റഹീം എന്നീ പദങ്ങൾ ദീർഘ സ്വരത്തോടെയാണ് പാരായണം ചെയ്തിരുന്നത്" (ബുഖാരി).

◆ ഏറ്റവും നല്ല ശബ്ദത്തിലാണ് ഖുർആൻ ഓതേണ്ടത്. അതിനായി ഖുർആൻ പാരായണശാസ്ത്രം (തജ്‌വീദ്) പഠിക്കുന്നത് നല്ലതാണ്. ഈ വസ്തുത എടുത്തു പറയുന്ന അനേകം ഹദീസുകളും കാണാം. "നിങ്ങളുടെ ശബ്ദത്താൽ ഖുർആൻ സുന്ദരമാക്കുക" (അബൂദാവൂദ്).

ചുരുങ്ങിയത് ഏഴു ദിവസങ്ങളിൽ ഖുർആൻ ഖത്തം (പൂർത്തീകരിക്കൽ) തീർക്കാം. റമദാൻ ഖുർആന്റെ മാസമായതിനാൽ, ആ മാസം ഒന്നിലധികം തവണ ചിന്തിച്ചും ആലോചിച്ചും പാരായണം പൂർത്തിയാക്കാൻ വിശ്വാസികൾ സമയം കണ്ടെത്തണം.

◆ ഖുർആൻ പാരായണത്തിന് ഏറ്റവും ഉത്തമമായ സമയം രാത്രിയാണ്. നമ്കാരത്തിൽ പാരായണം ചെയ്യുന്നതാണ് അത്യുത്തമം. രാത്രിവേളകളിലെ നമസ്കാരത്തിൽ നല്ല മനസ്സാന്നിധ്യമുണ്ടാകും എന്നതാണിതിന് കാരണം. രാത്രിയും പകലും ഖുർആൻ പാരായണം ചെയ്യാം. ഉദയവേളയിലെ പാരായണത്തിന്റെ മേന്മ ഖുർആൻ പ്രത്യേകം പറഞ്ഞിട്ടുണ്ട് (*അൽ ഇസ്റാഅ്* 73).

◆ ഖുർആൻ സ്വന്തമായി പാരായണം ചെയ്യുന്നതുപോലെ, മറ്റുള്ളവർ ഓതുന്നത് കേൾക്കുന്നതും പുണ്യംതന്നെ. നബി(സ) സ്വഹാബിമാരെ കൊണ്ട് ഓതിക്കുകയും ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്തിരുന്നതായി ഹദീസുകളിൽ കാണാം. അങ്ങനെ ചെയ്യണമെന്ന് ഖുർആൻ നിർദേശിച്ചിട്ടുമുണ്ട് (7:204).

◆ പാരായണത്തോടൊപ്പം ഖുർആൻ പഠനത്തിനും സമയം കണ്ടെത്തുക. ഖുർആന്റെ അർഥം അറിയില്ലെങ്കിൽ ഖുർആന്റെ അനുഗ്രഹങ്ങളും നന്മകളും വാരിക്കൂട്ടാൻ എങ്ങനെ കഴിയും! ഇതിന് പറ്റിയ ധാരാളം ഖുർആൻ വ്യാഖ്യാനങ്ങൾ ഇന്ന് ലഭ്യമാണ്.അവ ഉപയോഗപ്പെടുത്തുക. ഖുർആൻ പാരായണ പഠനങ്ങൾക്ക് ഒരുമിച്ചുകൂടിയവരിലേക്ക് അല്ലാഹുവിന്റെ അസംഖ്യം കാരുണ്യവുമായി മലക്കുകൾ ഇറങ്ങിവരുമെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട് (മുസ്‌ലിം).

◆ ഖുർആൻ പാരായണം ചെയ്യുമ്പോൾ തിലാവത്തിന്റെ സുജൂദുകളുടെ സ്ഥാനങ്ങളിലെത്തുമ്പോൾ സുജൂദ് ചെയ്യുക. കാരുണ്യത്തെക്കുറിക്കുന്ന സൂക്തങ്ങൾ ഓതുമ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന് വേണ്ടി പ്രാർഥിക്കുക, ശിക്ഷയെ പരാമർശിക്കുന്ന സൂക്തങ്ങൾ ഓതുമ്പോൾ രക്ഷതേടുക, അല്ലാഹുവിന്റെ മഹത്വത്തെ പരാമർശിക്കുന്ന സൂക്തങ്ങളോതുമ്പോൾ സ്തുതിവചനങ്ങൾ ഉരുവിടുക.

◆ ഖുർആൻ പാരായണത്തിന് മുമ്പും ഇടക്കും ശേഷവും അല്ലാഹുവിനോട് പാപമോചനത്തിന് പ്രാർഥിക്കുക. ഖുർആൻ പൂർണമായി ഓതിത്തീരുമ്പോൾ ഇങ്ങനെയാണ് പ്രാർഥിക്കേണ്ടത്:

"നാഥാ, മഹത്തായ ഖുർആനിലൂടെ നിന്റെ കാരുണ്യം എന്നിൽ ചൊരിയേണമേ, അതിനെ എനിക്ക് നായകനും വെളിച്ചവും വഴികാട്ടിയും കാരുണ്യവുമാക്കേണമേ, നാഥാ, ഞാൻ വിസ്മരിച്ചതിനെ എനിക്ക് ഓർമിപ്പിക്കുകയും തനിക്കറിയാത്തത് പഠിപ്പിച്ചുതരികയും ചെയ്യേണമേ. രാവും പകലും ഖുർആൻ പാരായണം ചെയ്യാൻ എനിക്ക് കഴിവ് നൽകേണമേ. പ്രപഞ്ചനാഥാ, ഖുർആനെ എനിക്കനുകൂലമായ സാക്ഷിയാക്കേണമേ." ■